ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉരുൾപൊട്ടലിന്റെ ഭാഗമായി റോഡിൽ വീണുകിടന്ന മണ്ണ്, പാറക്കഷ്ണങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുകയും ഒറ്റപ്പെട്ട പോയ നെല്ലിയാമ്പതിയിലേയ്ക്ക് ഗതാഗതം പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റോഡിന്റെ തകർന്ന സംരക്ഷണ ഭിത്തിയും റോഡും പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

349 (1393) ശ്രീ. മാത്യു റ്റി. തോമസ്:
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. സി. കെ. നാണു:
ശ്രീമതി ജമീല പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ;

(സി) ടെണ്ടറുകൾ ബഹിഷ്കരിക്കുമെന്ന കരാറുകാരുടെ പ്രഖ്യാപനങ്ങൾ പിൻവലിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) കരാറുകാർ എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ച തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്നത് ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസം കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരാറുകാർക്ക് ബിൽ കുടിശ്ശിക നൽകാനുള്ളതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(സി) പിൻവലിച്ചിട്ടുണ്ട്.

(ഡി) ബിൽ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസവും ഇതിന് ഒരു കാരണമാകാൻ സാധ്യതയുണ്ട്.

2014 ജനുവരി 1-ന് ശേഷം ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ

350 (1394) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എന്നിവിടങ്ങളിൽ 2014 ജനുവരി 1 ന് ശേഷം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ, പേര്, അടങ്കൽ തുക, നിയോജകമണ്ഡലം, ഏത് പദ്ധതിയിലുൾപ്പെടുത്തിയുള്ള ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും ലഭിച്ച ഭരണാനുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഏതിനൊക്കെയാണ് സാങ്കേതിക അനുമതി നൽകിയതെന്ന്, പ്രവൃത്തി, അടങ്കൽ തുക, നിയോജക മണ്ഡലം, സാങ്കേതിക അനുമതി തീയതി, സാങ്കേതിക അനുമതിയിൽ ഒപ്പുവച്ച ഉദ്യോഗസ്ഥൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇനിയും സാങ്കേതികാനുമതി നൽകാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അത് വൈകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഓഫീസുകളിൽ വിവിധ തസ്തികകളിലായുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly